"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ വകുപ്പ് - അസ്റ്റ് മെയിന്റനൻസ് ഫണ്ട് 2025-26 - ആലപ്പുഴ വണ്ടാനം സർക്കാർ നഴ്സിംഗ് കോളേജിലെ പ്രവൃത്തികൾ - "Painting works in Government Nursing College Vandanam, Alappuzha" എന്ന പ്രവൃത്തി പൂർത്തീകരിച്ച വകയിൽ - ബിൽ തുക റിലീസ് ചെയ്തു - ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1256/2026/H&FWD തീയതി,തിരുവനന്തപുരം, 27-03-2026

---

പരാമർശം:- 1. സ.ഉ.(സാധാ)നം.503/2025/ആ.കു.വ. തീയതി 21.02.2025

2. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 12.03.2026 തീയതിയിലെ എ3/6840/2024/മെ.വി.വ. നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ അസറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ആലപ്പുഴ വണ്ടാനം സർക്കാർ നഴ്സിംഗ് കോളേജിലെ രണ്ടു പ്രവൃത്തികൾ ചെയ്യുന്നതിനായി ആകെ ₹60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിലെ "Painting works in Government Nursing College Vandanam, Alappuzha" എന്ന പ്രവൃത്തി ആലപ്പുഴ പൊതുമരാമത്ത് വകുപ്പ് പ്രത്യേക കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മേൽ നോട്ടത്തിൽ പൂർത്തികരിച്ചതായി അറിയിച്ചു കൊണ്ടു ₹14,42,056/- രൂപയുടെ ബില്ലുകളും പൂർത്തീകരണ സാക്ഷ്യപത്രവും നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ ലഭ്യമാക്കിയതായി, പരാമർശം (2) ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച വകയിൽ കരാറുകാരന് വിതരണം ചെയ്യുന്നതിനായി ₹14,42,056/- രൂപ 2210-05-105-61(നോൺ പ്ലാൻ) ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകുവാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള "Painting works in Government Nursing College Vandanam, Alappuzha" എന്ന പ്രവൃത്തി പൂർത്തീകരിച്ച വകയിൽ കരാറുകാരന് വിതരണം ചെയ്യുന്നതിനായി **₹14,42,056/- രൂപ (പതിനാല് ലക്ഷത്തി നാല്പത്തിരണ്ടായിരത്തി അൻപത്തിയാറ് രൂപ മാത്രം) '2210-05-105-61-00-00 (N)(V)'** ശീർഷകത്തിൽ നിന്നും റിലീസ് ചെയ്തു നൽകി ഉത്തരവാകുന്നു.

3. മേൽ തുക കൈമാറുന്നതിനു മുൻപായി ബില്ലുകളുടെ കൃത്യത മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ചു ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, കെട്ടിട വിഭാഗം, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് പ്രത്യേക കെട്ടിട വിഭാഗം, ആലപ്പുഴ
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് - എ) വകുപ്പ് (നം.3012467/എച്ച്.എൽ.റ്റി.-എ2/2/2025-ധന തീയതി 26.03.2026 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/213/2024-HEALTH )

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 30-06-2026 11:08:16
സെക്ഷൻ ഓഫീസർ